# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി125/2691/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 17/01/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി25/2691/22 തീയ്യതി: 17/01/2023

## പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ(HG) | 12-12-2022 | 15-12-2022 |
| ശ്രീ.പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2022 | 17-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 17-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്,ഓഡിറ്റ് ഓഫീസർ(HG)
ശ്രീമതി.ശബ്നാദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിജീഷ്.എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമതി ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാന്റോ.സി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| | | 03-05-2021 | 04-07-2021 |
| ശ്രീ.മുരളീധരൻ.എ.വി | സെക്രട്ടറി | 07-04-2021 | 02-05-2021 |
| ശ്രീ.പി.എം.സക്കീർഹുസൈൻ | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൈജു.ടി.വി | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജുഷ.ആർ.എസ് | കൃഷി ഓഫീസർ | 01-04-2021 | 27-09-2021 |
| ശ്രീമതി.ജൂലി ജോർജ്ജ്.കെ | കൃഷി ഓഫീസർ | 28-09-2021 | 07-12-2021 |
| | | 16-12-2021 | 31-03-2022 |
| ശ്രീമതി.റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 08-12-2021 | 15-12-2021 |
| ശ്രീ.കനകരാജ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാന്റോ.സി.വി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.കെ.ചെല്ല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 27-04-2021 |
| ശ്രീമതി.സുന്ദരി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-04-2021 | 31-03-2022 |
| ശ്രീമതി.ബുഷറ.എ | വി.ഇ.ഒ-1(അഡീ.ചാർജ്ജ്) | 01-04-2021 | 15-08-2021 |
| ശ്രീമതി.ചിത്ര.ഇ.കെ | വി.ഇ.ഒ-1 | 16-08-2021 | 31-03-2022 |
| ശ്രീമതി.ബുഷറ.എ | വി.ഇ.ഒ.2 | 01-04-2021 | 22-12-2021 |
| ശ്രീമതി.ചിത്ര.ഇ.കെ | വി.ഇ.ഒ-2(അഡീ.ചാർജ്ജ്) | 23-12-2021 | 31-03-2022 |
| ശ്രീമതി.സുധ.എൻ | എച്ച്.എം | 01-04-2021 | 30-04-2021 |
| ശ്രീമതി.ഷൈനി.കെ.ഏലിയാസ് | എച്ച്.എം | 01-05-2021 | 30-11-2021 |
| ശ്രീമതി.സാവിത്രി.ടി.ആർ | എച്ച്.എം | 01-12-2021 | 31-03-2022 |
| ഡോ..റെമിൻ ആൽഫ്രഡ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-11 |
| 13 | സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികതി, സെസ്സ് പിരിവ് - വിലയിരുത്തൽ | 1-12 |
| 14 | വിനോദ നികുതി കുറവായി ഈടാക്കി | 1-12-1 |
| 15 | വിനോദ നികുതി - സെസ്സ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായില്ല | 1-12-2 |
| 16 | തനതു ഫണ്ടിൽ നിന്നും നൽകിയ മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ് | 1-13 |
| 17 | സാമൂഹ്യക്ഷേമ പെൻഷൻ വിതരണം- അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-14 |
| 18 | ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 19 | എം.സി.എഫി ലേക്ക് വാങ്ങിയ ബെയ്‌ലിംഗ് മെഷീൻ പ്രയോജനപ്പെടുത്തിയില്ല | 1-16 |
| 20 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 21 | കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല | 1-18 |
| 22 | കന്നുകുട്ടി ദത്തെടുക്കൽ പരിപാടി- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അർഹമായ തുക വകയിരുത്തിയില്ല | 1-20 |
| 24 | അങ്കണവാടികളിലെ പൂരക പോഷകാഹാര പരിപാടി-ജി എസ് ടി-ടി ഡി എസ് ചെയ്തില്ല | 1-21 |
| 25 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത അനുവദിക്കൽ- അർഹമായ പരമാവധി തുക വകയിരുത്തിയില്ല | 1-22 |
| 26 | ഉറവിട മാലിന്യ സംസ്കരണം- ബയോബിൻ വിതരണം ചെയ്ത ഏജൻസിയുടെ | 1-23 |

| | | |
|---|---|---|
| | ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | |
| 27 | ഭവന നിർമ്മാണ പദ്ധതികൾക്കായുള്ള ചെലവ് വിലയിരുത്തൽ | 1-24 |
| 28 | PMAY(ജനറൽ)- ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല | 1-24-1 |
| 29 | ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-24-2 |
| 30 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-25 |
| 31 | അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | 1-26 |
| 32 | കണ്ണമ്പ്ര സ്റ്റേഡിയത്തിനോട് ചേർന്ന വനിതാ സൗഹൃദ വിശ്രമമുറിയുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-27 |
| 33 | ടേക്ക് എ ബ്രേക്ക് ശൗചാലയം - പരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-28 |
| 34 | പി.എച്ച്.സി നവീകരണം - പൊളിച്ചു മാറ്റിയ മരം കൈയ്യൊഴിച്ചില്ല | 1-29 |
| 35 | പടിഞ്ഞാമുറി അങ്കണവാടി നവീകരണം - പൊളിച്ചു മാറ്റിയ മരം കൈയ്യൊഴിച്ചില്ല | 1-30 |
| 36 | കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി സ്വീകരിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 37 | ടാറിംഗ് പ്രവൃത്തികളുടെ ബാരലുകളുടെ വിലയിൽ ഈടാക്കിയ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയില്ല | 1-32 |
| 38 | MGNREGS - സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-33 |
| ഭാഗം **2** | | |
| 1 | സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്ത പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

18-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1.1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

16-03-2022 ലെ തീരുമാനം നം. 13 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2,37,51,304 |
| തൻവർഷം വരവ് | 21,51,72,400 |
| ആകെ വരവ് | 23,89,23,704 |
| ചെലവ് | 23,60,07,300 |
| നീക്കിയിരിപ്പ് | 29,16,404 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 21,51,72,400 | 8,45,12,354 |
| തൻവർഷത്തെ ചെലവ് | 23,60,07,300 | 8,27,34,370 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|---|

| | | | | തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 29-6-2022 | - | - |

## 1-2-1 അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായ തുകകൾ സമയബന്ധിതമായി തിരിച്ചടച്ചിട്ടില്ല.
2. വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.
3. നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17380616 |
| വരവ് | 84512354 |
| ആകെ | 101892970 |
| ചെലവ് | 82734370 |
| നീക്കിയിരിപ്പ് | 19158600 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13543868 | 13543868 | 12211017 | 1332851 |
| വികസനഫണ്ട് -എസ്.സി.പി | 0 | 8570883 | 8570883 | 8125779 | 445104 |
| വികസനഫണ്ട് -ടി.എസ്..പി | 0 | 427200 | 427200 | 392000 | 35200 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12580098 | 12580098 | 11574907 | 1005191 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6507980 | 6507980 | 4292902 | 2215078 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 3030954 | 3030954 | 2181175 | 849779 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 4436000 | 4436000 | 749376 | 3686624 |
| സെൻട്രൽ ഫിനാൻസ് | 0 | 1401271 | 1401271 | 1401271 | 0 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 3855932 | 3855932 | 3855932 | 0 |

കേന്ദ്രാവിഷ്കൃതം

എ)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 675787 | 931,514 | 1607301 | 1279629 | 327672 |
| സമ്പൂർണ്ണ ശുചിത്വം | 0 | 36000 | 36000 | 36000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 604199 | 991010 | 1595209 | 1182964 | 412245 |

ബി) തൊഴിലുറപ്പ പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20573 | 588407 | 608980 | 607856 | 1124 |
| തൊഴിലാളികളുടെ വേതനം | 0 | 34714884 | 34714884 | 34714884 | 0 |
| ആകെ | 20573 | 35303291 | 35323864 | 35322740 | 1124 |

സംസ്ഥാന വിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 150000 | 400000 | 550000 | 50000 | 500000 |
| സാക്ഷരത | 15325 | 55338 | 70663 | 45823 | 24840 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 101669908 | 145 | 61538316 | 0 | 30 | 83 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 7570600 | 6005056 | 79 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 3480600 | 1888880 | 54 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 2220660 | 1878317 | 85 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 880000 | 874652 | 99 |
| വി.ഇ.ഒ -1 | 10 | 10 | 3748400 | 3267501 | 87 |
| വി.ഇ.ഒ -2 | 14 | 14 | 31517432 | 11574093 | 37 |
| എച്ച്.എം | 7 | 6 | 2431432 | 1616514 | 66 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 5842374 | 5061492 | 87 |
| സെക്രട്ടറി | 20 | 18 | 6588129 | 4270561 | 65 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 65 | 34558629 | 22383481 | 65 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 710000 | 710000 | 100 |
| അസി.സെക്രട്ടറി | 5 | 4 | 2121652 | 2007769 | 95 |
| ആകെ | 175 | 145 | 101669908 | 61538316 | 61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20573 | 588407 | 608980 | 607856 | 1124 |
| തൊഴിലാളികളുടെ വേതനം | 0 | 34714884 | 34714884 | 34714884 | 0 |
| ആകെ | 20573 | 35303291 | 35323864 | 35322740 | 1124 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 1200 | 1 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 10228400 | 587 |
| 3 | വിധവാ പെൻഷൻ | 18709800 | 1094 |
| 4 | വാർദ്ധക്യകാല പെൻഷൻ | 32307000 | 2237 |
| 5 | വികലാംഗ പെൻഷൻ | 3926000 | 234 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 924,800 | 54 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2022 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 116852 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ തൻവർഷം ഉണ്ടായതായി കാണുന്നില്ല.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുക വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022 ഏപ്രിൽ മാസം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

1997-98 മുതൽ 2007-08 വരെയുള്ള കണക്കുകൾ മാത്രമാണ് അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുള്ളത്. 04.08.2008ന് ലഭ്യമായ റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് നവംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായി പരാമർശങ്ങൾ ഒന്നുമില്ല.

## 1-11 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവന ക്കാരുടെ എണ്ണം | തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | കോക്കോ പ്രൈം നാച്ചുറൽസ് പ്രൈവറ്റ് ലിമിറ്റഡ് | 8 | - | - |
| 2 | ഹോട്ടൽ ജ്യോതിസ് റീജൻസി | 20 | 13 | 13 |
| 3 | ഗായത്രി ഫ്യുവൽസ് | 13 | 8 | 8 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19/17-12-22 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-12 സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി, സെസ്സ് പിരിവ് - വിലയിരുത്തൽ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂന്ന് സിനിമാ സ്ക്രീനുകളുടെ ടിക്കറ്റുകളുടെ വിനോദ നികുതി രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 വിനോദ നികുതി കുറവായി ഈടാക്കി

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകുകയും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കോവിഡിന്റെ പശ്ചാത്തലത്തിൽ 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലെ വിനോദ നികുതിയിൽ സർക്കാർ ഇളവ് നൽകിയതിനു ശേഷം 1-1-2022 മുതൽക്കാണ് വിനോദ നികുതി ഈടാക്കിയിട്ടുണ്ട്. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ മൂന്ന് തീയേറ്ററുകളിൽ നിന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നതിന് പകരം തീയേറ്ററുകൾ ലഭ്യമാക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.

1-1-2022 മുതൽക്കുള്ള വിനോദ നികുതി ഈടാക്കി വരുന്നതും തീയേറ്റർ ഉടമകൾ സമർപ്പിക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണെന്ന് ബോധ്യപ്പെട്ടു. ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കാത്തതിനാൽ 17,987/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 12/16-12-22 ന് മറുപടി ലഭ്യമായില്ല. ഈ വിഷയം 17-12-22 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ട്.

തുടർമാസങ്ങളിൽ ഇത്തരത്തിൽ കുറവുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖ.2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

### 1-12-2 വിനോദ നികുതി - സെസ്സ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായില്ല

ഇരുപത്തി അഞ്ച് രൂപയിൽ കൂടുതലുള്ള ഓരോ സിനിമാ ടിക്കറ്റിന്മേലും Kerala Cultural Activists Welfare Fund Act, 2010 പ്രകാരം രൂപീകരിച്ച Kerala Cultural Activists Welfare Fund ലേക്ക് മൂന്ന് രൂപയിൽ കൂടാതെയുള്ള സെസ്സ് ഈടാക്കേണ്ടതാണെന്നും ആയത് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുകയുടെ ഒടുക്ക് വൈകിയാൽ സെക്രട്ടറിയും പ്രസിഡണ്ടും ഉത്തരവാദിയായിരിക്കുമെന്ന് ആക്ടിലെ സെക്ഷൻ 3(c)(5) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ മാസത്തേയും സെസ് തുടർന്നുള്ള മാസത്തിലെ അവസാന പ്രവൃത്തി ദിവസത്തിലോ അതിനു മുമ്പായോ സെക്രട്ടറി ഒടുക്കേണ്ടതാണെന്ന് The Kerala Local Authorities Entertainments Tax Rules, 2016 ൽ വ്യക്തമാക്കിയിട്ടുണ്ട്.

തിയറ്ററുകൾ മൂന്ന് രൂപയിൽ കൂടാത്ത തുകയാണ് സെസ്സ് ഇനത്തിൽ ഈടാക്കേണ്ടത്. എന്നാൽ അഞ്ച് രൂപ ഈടാക്കുന്നതായി ഫയൽ പരിശോധിച്ചതിൽ നിന്നും ബാധ്യമായിട്ടുണ്ട്. ഈടാക്കിയ സെസ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(എം.എസ്)നം.15/13/LSGD തിയതി 15-1-2013, സർക്കുലർ നം. 9902/RD3/2013/LSGD തിയതി 14-05-2013 എന്നിവയിലെ നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

സെസ്സ് ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും അധിക തുക ഈടാക്കുന്നതിന്റെ കാരണവും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12/16-12-22 ന് മറുപടി ലഭ്യമായില്ല.

തിയറ്റർ ഉടമകൾ ഈടാക്കിയ സെസ്സ് കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെന്നും അധിക സെസ്സ്

ഈടാക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 തനതു ഫണ്ടിൽ നിന്നും നൽകിയ മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

തനത് ഫണ്ടിൽ നിന്നും വിവിധ ഏജൻസികളുടെ പ്രവർത്തനത്തിനായി നല്കിയ മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ലെന്ന് മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| MGNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ | 1534142 രൂപ |
| സാക്ഷരതാ പ്രേരകിന് ഓണറേറിയം | 321772 രൂപ |

ഇതു സംബന്ധിച്ച് നൽകിയ 15/16-12-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. മുൻകൂറുകൾ ക്രമീകരിച്ച് ഓഡിറ്റിനെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 സാമൂഹ്യക്ഷേമ പെൻഷൻ വിതരണം- അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2021, 2022 വർഷങ്ങളിലെ ഏതാനും മരണ രജിസ്ട്രേഷനുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

താഴെ ചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

1)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | മറിയാമ്മ, നെടുമ്പുറത്തിൽ വീട്, ചെമ്മണാംകുന്ന് |
| ആധാർ നം | 404425368778 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108850201569 |
| മരണപ്പെട്ട തീയതി | 04-10-21 |
| മരണം രജിസ്ട്രേഷൻ | 117/2021, 23-10-21 |

| | |
|---|---|
| നമ്പർ/തീയതി | |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| അനർഹമായ കാലയളവ് | തുക |
|---|---|
| 11/2021 മുതൽ 09/2022വരെ | 11x1600= 17600 രൂപ |

2)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | സുലോചന, കൂട്ടപ്പുര, കാരപ്പൊറ്റ |
| ആധാർ നം | 531835815057 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | സസ്പെൻഡ് |
| പെൻഷനർ ഐ ഡി | 108850200634 |
| മരണപ്പെട്ട തീയതി | 27-07-2021 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 109/21, 08-10-21 |

അനർഹമായ കാലയളവിൽ അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| അനർഹമായ കാലയളവ് | തുക |
|---|---|
| 08/2021 മുതൽ 02/2022 വരെ | 7x1600= 11200 രൂപ |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 18/16-12-22) മറുപടിയിൽ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്തവരുടെയും വിവരങ്ങൾ കണ്ടെത്തി സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെൻഡ് ചെയ്തു വരുന്നുണ്ടെന്നും മേൽ പറഞ്ഞ ക്രമ നം. 1 പ്രകാരമുള്ള ഗുണഭോക്താവിനെ 17-12-22 ന് സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെൻഡ് ചെയ്തതായും അറിയിച്ചു.

തൻവർഷം മരണം രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ഗുണഭോക്താക്കളുടേയും ഡാറ്റ പരിശോധിച്ച് തുക അധികം നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനർഹരെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 47.43 ച.മീ വിസ്തൃതിയുള്ള എം.സി.എഫ് ന് 775000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ് ) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

### ഗ്രാമപഞ്ചായത്തിലെ എം .സി.എഫ് സംവിധാനം

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി ഗ്രാമപഞ്ചായത്തിന്റെ

പതിനഞ്ചാം വാർഡിലെ കല്ലേരിയിൽ സ്ഥിതി ചെയ്യുന്ന പ്രധാന എം.സിഎഫ് കേന്ദ്രത്തിൽ ആണ് സൂക്ഷിച്ചവരുന്നത്. സ്ഥലപരിമിതി ഉള്ളതിനാൽ എം.സി.എഫിൽ മാതൃകാ പ്ലാൻ പ്രകാരമുള്ള മതിയായ സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളൊന്നും ഇവിടെ ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം 18.11.2017 മുതൽ ആരംഭിച്ചിട്ടുണ്ട്. ഒരു വാർഡിന് 2 പേർ വീതം 16 വാർഡുകളിലായി 32 അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ ഉള്ളത്. ഓരോ വാർഡിൽ നിന്നും യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നുമാണ് പ്രസ്തുത വാർഡിലെ സേനാംഗങ്ങളുടെ വേതനം കണ്ടെത്തുന്നത്. കൂടാതെ 2021-22 വർഷത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 759289 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല. ഹരിതകർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനായി 149994 രൂപ തൻവർഷം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 30.07.2021 ലെ 2(21) നം തീരുമാനം പ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും യൂസർ ഫീയിനത്തിൽ ഈടാക്കി വരുന്നുണ്ട്. ഏകദേശം 7200 വീടുകളും 1100 വാണിജ്യ സ്ഥാപനങ്ങളും ഉള്ളതിൽ 50% ൽ താഴെ വീടുകളിൽ നിന്നും കടകളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമാകുന്നത്. പ്രതിമാസം ശരാശരി 120000 രൂപയാണ് നിലവിൽ യൂസർഫീ ഇനത്തിൽ ലഭ്യമാകുന്നതെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥ അറിയിച്ചു. ഇതിൽ നിന്നും വാഹന വാടക കുറവു ചെയ്താൽ ബാക്കി തുകയിൽ നിന്നും പൊതുവെ പരിമിതമായ വേതനമാണ് നിലവിൽ പ്രതിമാസം അംഗങ്ങൾക്ക് ലഭിക്കുന്നത്.

ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിത കർമ്മസേനയുടെ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം 10000186)

13-12-2022 ലെ നീക്കിയിരിപ്പ് 19590 രൂപയാണ്. ഇതു കൂടാതെ സംരംഭ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി കൺസോർഷ്യത്തിന്റെ പേരിൽ ആരംഭിച്ച കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലെ (അക്കൗണ്ട് നം 15020) 31.08.2022 ലെ അക്കൗണ്ട് ബാലൻസ് 12019.55 രൂപയാണ്.

മാലിന്യം കയ്യൊഴിക്ക ൽ

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ക്ലീൻ കേരള കമ്പനി 2 മാസം കൂടുമ്പോൾ മാലിന്യം കൊണ്ടു പോകുന്നതായി അറിയിച്ചു.

എം.സി.എഫിൽ സ്ഥാപിച്ച ബെയ്‌ലിംഗ് മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം 519876 രൂപ ചെലവഴിച്ച് എം.സി.എഫ് കെട്ടിടത്തിലേക്ക് ബെയ്‌ലിംഗ് മെഷീൻ ഇ-ടെണ്ടർ മുഖേന വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാൽ നാളിതുവരെ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാലിന്യസംസ്കരണത്തിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. എം.സി.എഫിൽ സ്ഥാപിച്ചിട്ടുള്ള ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ അടക്കമുള്ള

അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഹരിതകർമ്മസേനയ്ക്ക് സ്ഥിരമായ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 എം.സി.എഫി ലേക്ക് വാങ്ങിയ ബെയ്‌ലിംഗ് മെഷീൻ പ്രയോജനപ്പെടുത്തിയില്ല

പ്രോജക്ട് നം. 123/22-എം.സി.എഫി ലേക്ക് ബെയ്‌ലിംഗ് മെഷീനും വെയിംഗ് മെഷീനും വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ - 600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 533876 (XVFC-202122P13/ 08-01-22 – 14000 രൂപ
XVFC-202122P37/ 30-03-22 – 519876 രൂപ)

മേൽ പ്രോജക്ട് പ്രകാരം 519876 രൂപ ചെലവഴിച്ച് എം.സി.എഫ് കെട്ടിടത്തിലേക്ക് ഇ-ടെണ്ടർ മുഖേന ഒരു ബെയ്‌ലിംഗ് മെഷീനും 14000 രൂപയ്ക്ക് ടെണ്ടർ മുഖേന ഒരു വെയിംഗ് മെഷീനും വാങ്ങിയിട്ടുണ്ട്.

ജി.ഒ(ആർ.ടി)നം.469/2020/എൽ.എസ്.ജി.ഡി തി. 25-02-20 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Horrizon, പട്ടണക്കാട്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് ബെയ്‌ലിംഗ് മെഷീൻ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത് (ഇൻവോയ്സ് നം. 098/26-03-22). പ്രസ്തുത സ്ഥാപനവുമായി 05-03-22 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സെക്രട്ടറി 5-3-22 ന് സ്ഥാപനത്തിന് അയച്ച A2-121/2021 നം. കത്തിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനോടൊപ്പം ഹരിതകർമ്മ സേനാംഗങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും ആയത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. മെഷീൻ ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒരു വർഷം മാത്രം വാറണ്ടിയുള്ള മെഷീന്റെ വാറണ്ടി പിരീഡിന്റെ കാലാവധി തീരുവാൻ നാലുമാസം മാത്രമാണുള്ളത്. വാറണ്ടി കാലാവധിക്കുള്ളിൽ മെഷീൻ സ്ഥാപിക്കാതിരുന്നാൽ വാറണ്ടിയുടെ ആനുകൂല്യം നഷ്ടമാകുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/13-12-22 നുള്ള മറുപടിയിൽ ബെയ്‌ലിംഗ് മെഷീൻ വിതരണം ചെയ്ത സ്ഥാപനം ഹരിതകർമ്മ സേനാംഗങ്ങൾക്കും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വൈദ്യുതി കണക്ഷൻ 3 ഫേസ് അല്ലാത്തതിനാൽ നിലവിൽ മെഷീൻ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല എന്നും ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും ഉദ്യോഗസ്ഥർ അറിയിച്ചു.
3 ഫേസ് കണക്ഷൻ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിപ്പിച്ചു തുടങ്ങേണ്ടതാണ്. മെഷീന്റെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും തുടർപരിപാലനം ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് - നം. 19/22 , ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി (ആശുപത്രിയിലെ ഡോക്ടർ NHM മുഖേന നിയമിക്കപ്പെട്ടതായതിനാൽ സെക്രട്ടറിയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്)
അടങ്കൽ - 150000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ് - 150000
ബിൽ നം. 45/14-02-22

ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം PF-1123/08-12-21

നം. പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 150000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (HOMCO) നൽകിയിട്ടുണ്ട്(A/c No. 34306403911). എന്നാൽ രേഖകൾ പരിശോധിച്ചതിൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് ബോധ്യപ്പെട്ടു.
മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16-12-22) മറുപടി ലഭ്യമായില്ല.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നത് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ - പ്രിന്റർ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 185/22, കൃഷി ഭവനിലേക്ക് പ്രിന്റർ വാങ്ങൽ |
| അടങ്കൽ | 20,600 |
| ചെലവ് | 20,018 |
| ബിൽ നം, തീയതി | 54/8-3-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന ഒരു പ്രിന്റർ ലഭ്യമാക്കുവാനായി 20,018/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം - 799011400003959) 8-3-22 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. നാളിതു വരെയായി പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/15-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി ദത്തെടുക്കൽ പരിപാടി- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 60/22, കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, എസ് എൽ ബി പി |
| അടങ്കൽ | 12,50,000<br>3,12,500(പൊതുവിഭാഗം)+3,12,500(സംസ്ഥാനാവിഷ്കൃതം)+ 6,25,000(മറ്റുള്ളവ) |
| ചെലവ് | 3,12,500(പൊതുവിഭാഗം) |
| ബിൽ നം, തീയതി | 4, 28-9-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |

'കന്നുകുട്ടി ദത്തെടുക്കൽ പരിപാടി' പ്രകാരം 50 ഗുണഭോക്താക്കൾക്കായി 3,12,500/- രൂപ വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടറുടെ 714021400000008 അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.6, 15-12-22 ന് മറുപടി ലഭ്യമായില്ല.

1-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അർഹമായ തുക വകയിരുത്തിയില്ല

പ്രോജക്ട്- 20/22, ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്പെക്ടർ
അടങ്കൽ- 710000 (600000 - വികസന ഫണ്ട് ജനറൽ, 110000- ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ് - 710000
ബിൽ നമ്പർ - 1/30-11-21 – 150820
2/04-12-21 – 449180
3/20-12-21 - 110000

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവനുസരിച്ച് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ചെമ്മണാംകുന്ന്, കല്ലിങ്കൽപ്പാടം, കണ്ണമ്പ്ര, മഞ്ഞപ്ര എന്നീ ക്ഷീര സഹകരണ സംഘങ്ങളിലായി 216 ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ജൂൺ 2021 മുതൽ നവംബർ 2021 വരെയുള്ള 6 മാസങ്ങളിലെ സബ്സിഡി തുക മാത്രമാണ് നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. മുഴുവൻ മാസങ്ങളിലെയും സബ്സിഡി ക്ഷീരകർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ മതിയായ തുക വകയിരുത്തിയിട്ടില്ല. ആയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/15-12-222 ന് മറുപടി ലഭ്യമായില്ല.
ക്ഷീര കർഷകർക്ക് പരമാവധി തുക ഇൻസന്റീവ് ലഭ്യമാക്കുന്ന വിധത്തിൽ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 അങ്കണവാടികളിലെ പൂരക പോഷകാഹാര പരിപാടി-ജി എസ് ടി-ടി ഡി എസ് ചെയ്തില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പ്രൊജക്റ്റ് പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി-ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രൊജക്റ്റിന്റെ വിശദാംശം.

| | |
|---|---|
| പ്രൊജക്റ്റ് | 26/22-അങ്കണവാടികളിലെ പൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | 32,03,639<br>16,03,639 (പൊതുവിഭാഗം) +12,00,000 (കേന്ദ്രാവിഷ്കൃതം)+<br>4,00,000 (ബ്ലോക്ക് വിഹിതം) |
| ചെലവ് | 29,03,639<br>16,03,639 (പൊതുവിഭാഗം) +12,00,000 (കേന്ദ്രാവിഷ്കൃതം)+<br>1,00,000 (ബ്ലോക്ക് വിഹിതം) |
| ബിൽ നം./ ചെക്ക് നം. തീയതി, അമൃതംന്യൂട്രിമിസ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയ തുക | 1/19-8-21(5,53,878)<br>10002686/23-03-2022(1,00,000-Block Share)<br>10002681/26-10-21(8,63,850-Central Share)<br>5/30-12-21(88,639)<br>11/23-3-22(1,00,782)<br>02017726/30-03-2022(1,22,268) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി

22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ) പ്രോജക്റ്റ് പ്രകാരം ഉദയാനന്ദനം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, പാറക്കുളം, കണ്ണാടി, പാലക്കാട് എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% ടി.ഡി. എസ് ഈടാക്കാതെ സപ്ലെയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല.

വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് അയച്ച 18-8-21 ലെ ഐസിഡിഎസ് ബി.3/13220/21 നം കത്ത് പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി എസ് ടി ഉൾപ്പെടെയാണ് 73.50 രൂപ നിശ്ചയിച്ചിട്ടുള്ളതെന്നും കേന്ദ്രസർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്നതു വരെ ജി എസ് ടി ബാധകമായിരിക്കുമെന്നും അറിയിച്ചിരുന്നു. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലെയർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8, 15-12-22) സ്ഥാപനം ജി എസ് ടി അടവാക്കുന്നുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്രോതസ്സിൽ നിന്നും നികുതി തുക കുറവ് ചെയ്ത് മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

## 1-22 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത അനുവദിക്കൽ- അർഹമായ പരമാവധി തുക വകയിരുത്തിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 27/22-വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത അനുവദിക്കൽ |
| അടങ്കൽ | 5,25,000 |
| ചെലവ് | 4,25,000 |
| ബിൽ നം, തീയതി | 2/12-11-21(2,17,800),<br>3/12-11-21(1,00,000),<br>6/21-1-22(25,000)<br>8/20-2-22(82,200) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

1. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കിയില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും എല്ലാ വിഭാഗങ്ങളിലെയും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി തുക വകയിരുത്തിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 7.1.6.സി പ്രകാരം വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം

ഡേ കെയർ സെന്ററിൽ കഴിയുന്നതിനുള്ള ബത്ത ഇനത്തിൽ പ്രതിമാസം 1000/- രൂപയും യാത്രാബത്ത ഇനത്തിൽ പ്രതിമാസം 1000 രൂപയും നൽകാവുന്നതാണ്. 7.1.6.ഡി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത (18 വയസ്സിന് താഴെ) മാനസിക വെല്ലുവിളി നേരിടുന്നവർ, മസ്തിഷ്ക തളർവാതം, ഓട്ടിസം മുതലായവ നേരിടുന്നവർ എന്നിവർക്ക് പ്രതിമാസ ബത്ത ഇനത്തിൽ 1000/- രൂപ വീതം നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-1-19 ലെ ഡിഎ.1/19/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം കുട്ടികളുടെ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എല്ലാ കുട്ടികൾക്കും മുടക്കം കൂടാതെ ധനസഹായം നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ മതിയായ തുക വകയിരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ളവർക്ക് ആനുകൂല്യം നൽകി കാണുന്നില്ല.
2020-21 ൽ മാനസിക വെല്ലുവിളി നേരിടുന്ന 26 പേർക്ക് ആനുകൂല്യം നൽകിയപ്പോൾ 2021-22 ൽ 20 പേർക്ക് മാത്രമേ നൽകിയിട്ടുള്ളൂ.

2. അർഹമായ സ്കോളർഷിപ്പ് തുക നൽകിയില്ല

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത എന്നിവ ഉൾപ്പെടെ പരമാവധി 28,500/- രൂപ ഒരു വർഷം അനുവദിക്കാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുള്ള 20 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 18,000/- രൂപ വീതം മാത്രമാണ് നൽകിയിട്ടുള്ളത്. പരമാവധി തുക വകയിരുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണത്തിന് (7/15-12-22) മറുപടിയായി ജില്ലാ പഞ്ചായത്ത് വിഹിതത്തിനായി അപേക്ഷിച്ചിരുന്നെങ്കിലും തുക ലഭ്യമായില്ലെന്നും ഈ വർഷം 28500/- രൂപ നൽകുവാനായി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്നതിനായി പരമാവധി തുക വകയിരുത്താൻ ശ്രമിക്കേണ്ടതാണ്.

2. അർഹരായ എല്ലാ ഭിന്നശേഷിക്കാരേയും പദ്ധതിയുടെ ഭാഗമാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-23 ഉറവിട മാലിന്യ സംസ്കരണം- ബയോബിൻ വിതരണം ചെയ്ത ഏജൻസിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 180/22, ഉറവിട മാലിന്യ സംസ്കരണം- ബയോബിൻ |
| അടങ്കൽ | 9,75,600<br>8,77,018 (ധനകാര്യ കമ്മീഷൻ അവാർഡ്) + 1,022 (തനത് ഫണ്ട്) + 97,560 (മറ്റുള്ളവ) |
| ചെലവ് | 8,96,400<br>8,06,760 (ധനകാര്യ കമ്മീഷൻ അവാർഡ്) +89,640 (മറ്റുള്ളവ) |
| ബിൽ നം., തീയതി | 7/18-3-22, (5,67,000)<br>11/28-3-22 (2,18,700)<br>12/24-3-22 (21,060)<br>8-3-22 (63,000-ഗുണഭോക്തൃ വിഹിതം)<br>30-3-22 (26,640-ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | വി ഇ ഒ-1 |

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ അർഹരായവരും ഭരണസമിതി അംഗീകരിച്ചതുമായ ഗുണഭോക്താക്കൾക്ക് 1,800/- രൂപ നിരക്കിൽ 542 ബയോബിൻ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി IRTC മുണ്ടൂർ എന്ന സ്ഥാപനവുമായി വി ഇ ഒ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 8,06,760/- രൂപ(ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) മുണ്ടൂർ IRTC യുടെ 0812201002322 നം. (കനറാ ബാങ്ക്) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. ബിൽ നം. B2B093/3-6-22.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ/പ്രവൃത്തികളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകകൾ നൽകുമ്പോൾ ജി എസ് ടി ടി.ഡി.എസ് ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 17/16-12-2022 നുള്ള മറുപടിയിൽ അറിവില്ലായ്മകൊണ്ടാണ് തുക ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.
ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഭവന നിർമ്മാണ പദ്ധതികൾക്കായുള്ള ചെലവ് വിലയിരുത്തൽ

വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-24-1 PMAY(ജനറൽ)- ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല

താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയ PMAY ഭവന പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | 45/22, PMAY(ജനറൽ)- ഗ്രാമപഞ്ചായത്ത് വിഹിതം |
| അടങ്കൽ | 6,30,000 |
| ചെലവ് | 6,30,000 |
| ബിൽ നം., തീയതി | 19/30-11-21(2,10,000)<br>29/9-2-22(4,20,000) |
| അക്കൗണ്ട് നം. | 799013100000019 |

ബി)

| | |
|---|---|
| പ്രോജക്ട് നം., പേര് | 174/22, PMAY (പട്ടികജാതി)- ഗ്രാമപഞ്ചായത്ത് വിഹിതം |
| അടങ്കൽ | 6,75,000(SCP) |
| ചെലവ് | 6,75,000 |
| ബിൽ നം., തീയതി | 35/22-2-22(3,15,000)<br>40/10-3-22(1,80,000)<br>46/22-3-22(1,80,000) |
| അക്കൗണ്ട് നം. | 799013100000019 |

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടുകൾ പ്രകാരം ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലേക്കാണ് കൈമാറിയിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 16/16-12-2022 ന് മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24-2 ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തൽ

ലൈഫ് മിഷൻ-ജനറൽ, എസ് സി വിഭാഗത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് നം., പേര് | 49/22, ലൈഫ് മിഷൻ , ജനറൽ |
| അടങ്കൽ | 58,60,000<br>4,50,000 (വികസന ഫണ്ട്, ജനറൽ) + 15,00,000(സംസ്ഥാനാവിഷ്കൃതം) + 3,10,000 (ബ്ലോക്ക് പഞ്ചായത്ത്)+<br>3,00,000 (ജില്ലാ പഞ്ചായത്ത്) + 33,00,000 (മറ്റുള്ളവ) |
| ചെലവ് | 6,68,760<br>448760 (വികസന ഫണ്ട്, ജനറൽ) +1,00,000(സംസ്ഥാനാവിഷ്കൃതം) + 1,20,000(മറ്റുള്ളവ) |

2.

| | |
|---|---|
| പ്രോജക്ട് നം., പേര് | 131/22, ലൈഫ് മിഷൻ , പട്ടികജാതി |
| അടങ്കൽ | 49,20,000<br>5,20,000(വികസന ഫണ്ട്, SCP) + 22,00,000(ബ്ലോക്ക് പഞ്ചായത്ത്) +<br>22,00,000 (ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 5,20,000<br>5,20,000(വികസന ഫണ്ട്, SCP) |

രണ്ടാം ഘട്ടത്തിൽ നാളിതുവരെ 138 ജനറൽ വിഭാഗക്കാരും 7 എസ്.സി വിഭാഗക്കാരും എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ആയതിൽ ജനറൽ വിഭാഗത്തിലെ 137 പേരും എസ്.സി വിഭാഗത്തിലെ 5 പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടം പുരോഗമിച്ചു വരുന്നു. രണ്ടാം ഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

1. ലൈഫ് മിഷൻ, ജനറൽ

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 166 | കമലാക്ഷി, W/o കുറുപ്പസ്വാമി, മണലാരു എസ്റ്റേറ്റ്, പാടഗിരി, നെല്ലിയാമ്പതി | 30-10-18, 30-3-2019 | 40,000 2,20,000 | 1,40,000 | ബേസ്മെന്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെങ്കിലും രണ്ടാം ഗഡുവായി 220000 രൂപ കൂടി അനുവദിച്ചു. |

2. ലൈഫ് മിഷൻ (SCP)

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ഗഡു നൽകിയത് | നൽകിയ തുക | നൽകാനുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 7 | രാജൻ, കമ്മാന്തറ, കണ്ണമ്പ്ര | 22-1-20 | 40,000 | 3,60,000 | പൂർത്തീകരിച്ചിട്ടില്ല. |
| 2 | 114 | പി.കെ.മോഹനൻ, കിഴക്കേക്കളം, പന്തലാംപാടം | 26-3-22 | 1,40,000 | 2,60,000 | പ്രവൃത്തി പുരോഗമിക്കുന്നു. |

മേൽ ഭവനങ്ങൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുക എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/15-12-22 ന് മറുപടി ലഭ്യമായില്ല.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 88 പ്രവൃത്തികളിൽ 65 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 3.46 കോടി രൂപയിൽ 2.24 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 65% ആണ് തൻവർഷത്തെ ചെലവ്. തൻവർഷത്തെ പ്രോജക്ടുകളിൽ 30% സ്പിൽഓവർ പ്രോജക്ടുകളാണ്.

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച 40% പ്രോജക്ടുകൾ റോഡ് പ്രവൃത്തികൾക്കും 25% കെട്ടിടങ്ങൾക്കും 9% കുടിവെള്ള പദ്ധതികൾക്കും 13% ഡ്രൈനേജ്, നീർച്ചാൽ പ്രവൃത്തികൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്.

ബി. രേഖകളുടെ സൂക്ഷിപ്പ്

രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

2012 ലെ PWD മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ഫോറം പുതുക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കാതെയാണ് കരാറുകാരുമായി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കാതെയാണ് പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുള്ളത്.

ടാറിംഗ് പ്രവർത്തികൾ ഉൾപ്പെടുന്ന ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയായി ജി.എസ്.ടി ഉൾപ്പെടെ 281 രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ബാധകമായ ഹെഡിൽ ഒടുക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ 1% കളക്ഷൻ ചാർജ്ജ് ആയി ബില്ലുകളിൽ ഈടാക്കിയിട്ടുണ്ട്. കളക്ഷനുവേണ്ടി പ്രത്യേകം ചെലവ് ഇല്ലാത്ത സാഹചര്യത്തിൽ ആയത് ഈടാക്കുന്നത് ഒഴിവാക്കാവുന്നതാണ്.

സി. ആസ്തി സംരക്ഷണ പദ്ധതി

പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 12580098 | 11574907 | 1005191 | 92 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 6507980 | 4292902 | 2215078 | 66 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായി തൻവർഷം ലഭ്യമായ തുകയിൽ 66% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

കണ്ണമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനായി തൻവർഷം 1534000 രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രവൃത്തിക്കായി തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല (പ്രോജക്ട് നം.208/22). കല്ലിങ്കൽപ്പാടം, ചൂർകുന്ന് സബ്സെന്ററുകളുടെയും കൊട്ടക്കാട് ഹെൽത്ത് സെന്ററിനുമായി വകയിരുത്തിയ 8.5 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചിട്ടില്ല.

ഓരോ സ്ഥാപനത്തിന്റേയും ആവശ്യകത വിലയിരുത്തി ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

2. പരമാവധി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

3. ബില്ലുകളിൽ നിന്നും തുക ഈടാക്കുമ്പോൾ ബാധകമായ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

5. സ്പിൽഓവർ പ്രവൃത്തികളുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

6. ആസ്തി സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് മുൻഗണന നിശ്ചയിച്ച് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്.

ടെണ്ടർ നടപടികളിലെ കാലതാമസം, ഫണ്ട് ലഭ്യത മുതലായ കാരണങ്ങളാലാണ് പ്രവൃത്തികൾ വൈകിയതെന്നും മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 4/15-12-2022 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-26 അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

സ.ഉ(സാധാ)നം.3186/2017/തസ്വഭവ തിയതി 02-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിലേക്കായി അസി.എഞ്ചിനിയറുടെ പേരിൽ ആരംഭിച്ച വടക്കഞ്ചേരി SBI യിലെ ബാങ്ക്

അക്കൗണ്ടിൽ (നം.799011400002717) 31-3-2022 ന് 171954 രൂപ നീക്കിയിരിപ്പുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. നീക്കിയിരിപ്പ് തുകയും അതിനുശേഷം ലഭ്യമായ തുകയും (പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല) തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉടൻ കൈമാറുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 4/15-12-22 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-27 കണ്ണമ്പ്ര സ്റ്റേഡിയത്തിനോട് ചേർന്ന വനിതാ സൗഹൃദ വിശ്രമമുറിയുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്

കണ്ണമ്പ്ര സ്റ്റേഡിയത്തിനോട് ചേർന്ന് 30 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു വനിതാ സൗഹൃദ വിശ്രമമുറി നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.147/22 (118/21)

അടങ്കൽ - 600000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ -ശ്രീ.കാജാഹുസൈൻ.കെ.കെ

എഗ്രിമെന്റ് നം. 54/30-1-2021

അളവു പുസ്തകം നം. 33 & 37/20-21

ചെലവ് - 584972 രൂപ

കെട്ടിടത്തിന്റെ പ്രവൃത്തി 14-7-2021 ന് പൂർത്തീകരിച്ചിട്ടുണ്ട്.

വിശ്രമമുറി നിർമ്മിച്ചതിന്റെ ലക്ഷ്യവും നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി കെട്ടിടം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ആയതിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/15-12-2022 നുള്ള മറുപടിയിൽ കെട്ടിടത്തിന്റെ ഉത്ഘാടനം നടക്കുകയും കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റെ പരിപാലനം, ശുചീകരണം എന്നിവ എപ്രകാരമായിരിക്കണമെന്ന് തീരുമാനമെടുത്ത് കെട്ടിടം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്ത് യൂസർഫീ ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. കെട്ടിടം നിഷ്ക്രിയാവസ്ഥയിൽ ആകാതിരിക്കുവാനുള്ള ജാഗ്രത ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-28 ടേക്ക് എ ബ്രേക്ക് ശൗചാലയം - പരിപാലനം ഉറപ്പാക്കേണ്ടതാണ്

ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി 40 ച.മീ വിസ്തൃതിയിലുള്ള, മൂന്ന് ടോയ്ലറ്റുകളും രണ്ട് ബാത്ത്റൂമുകളും ഉൾപ്പെടുന്ന ഒരു കെട്ടിടം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.156/22 (26/21)

അടങ്കൽ - 900000 (7 ലക്ഷം - CFC, 2 ലക്ഷം - കേന്ദ്രഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.മുഹമ്മദ് കുഞ്ഞ് വാവുല്യാപുരം

എഗ്രിമെന്റ് നം. 54/21-1-2021

അളവു പുസ്തകം നം. 134, 135 & 136/20-21

ചെലവ് -871954 രൂപ (7/26-10-21 - 7 ലക്ഷം രൂപ, 001870/26-8-21 - 171954 രൂപ)

കെട്ടിടത്തിന്റെ നിർമ്മാണം 4-7-2021 ന് പൂർത്തീകരിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റെ പരിപാലനം, ശുചീകരണം എന്നിവയ്ക്കായി ഏർപ്പാട് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 4/15-12-2022 നുള്ള മറുപടിയിൽ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റെ പരിപാലനം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്നു കൊടുത്ത് യൂസർ ഫീ പിരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

കെട്ടിടം നിഷ്ക്രിയാവസ്ഥയിൽ അവശേഷിക്കാതിരിക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥന്മാരുടേയും ഭാഗത്തുനിന്നും ജാഗ്രത ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പി.എച്ച്.സി നവീകരണം - പൊളിച്ചു മാറ്റിയ മരം കൈയ്യൊഴിച്ചില്ല

പ്രൊ.നം.154/22

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 545000 (MG-Non Road)

കരാറുകാരൻ - ശ്രീ.ആർ.ഉണ്ണികൃഷ്ണൻ

എഗ്രിമെന്റ് നം. 62/26-2-2021

അളവു പുസ്തകം നം. 167/20-21

ചെലവ് - 544615 (ബിൽ നം. 48/27-3-2022)

PHC യുടെ പഴയ ഓടിട്ട കെട്ടിടത്തിലെ ഓടുകളും മരത്തിന്റെ കഴുക്കോലും ഇളക്കിമാറ്റി ഇരുമ്പിന്റെ കഴുക്കോലും ജി.ഐ ഷീറ്റും ഇടുന്നതിനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. ആയത് പ്രകാരം ഇളക്കിമാറ്റിയ ഇനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. അളവു പുസ്തകം പേജ് നം. 1 - 2 Item 1 : Dismantling Tiled Roofing With Battens, Boardings Etc – 351.6 $M^2$

ഇതിനായി 39744 രൂപ ചെലവായിട്ടുണ്ട്.

E1. അളവു പുസ്തകം പേജ് നം. 2 - 5 Item 2: Dismantling Wood Work In Frames, Trusses, Purlins And Rafters – 2.57 $M^3$

ഇതിനായി 6475 രൂപ ചെലവായിട്ടുണ്ട്.

E2. അളവു പുസ്തകം പേജ് നം. 5 - 6 : Dismantling Wood Work In Frames, Trusses, Purlins And Rafters – 652.3 M

ഇതിനായി 6581 രൂപ ചെലവായിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഇനങ്ങൾ പുനരുപയോഗിച്ചതായോ സ്റ്റാക്ക് ചെയ്ത് ലേലം ചെയ്തതായോ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.10/15-12-22 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഉപയോഗിക്കാൻ സാധിക്കുന്നതും അല്ലാത്തതുമായ ഇനങ്ങളുടെ പട്ടിക തയ്യാറാക്കി ആയതിന്റെ വാല്യേഷൻ എടുത്ത് കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 പടിഞ്ഞാമുറി അങ്കണവാടി നവീകരണം - പൊളിച്ചു മാറ്റിയ മരം കൈയ്യൊഴിച്ചില്ല

പ്രൊ.നം.104/22

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 150000 (MG-Non Road)

കരാറുകാരൻ - ശ്രീ.കെ.അരവിന്ദാക്ഷൻ

എഗ്രിമെന്റ് നം. 48/31-1-2021

അളവു പുസ്തകം നം. 252/21-22

ചെലവ് - 150000 (ബിൽ നം. 55/30-3-2022)

PHC യുടെ പഴയ ഓടിട്ട കെട്ടിടത്തിലെ ഓടുകളും മരത്തിന്റെ കഴുക്കോലും ഇളക്കിമാറ്റി ഇരുമ്പിന്റെ കഴുക്കോലും ജി.ഐ ഷീറ്റും ഇടുന്നതിനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. ആയത് പ്രകാരം ഇളക്കിമാറ്റിയ ഇനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. അളവു പുസ്തകം പേജ് നം. 1 Item 1 : Dismantling Doors, Windows, Shutters

Wooden Doors – 3 Nos., And Windows – 3 Nos.

ഇതിനായി 1034 രൂപ ചെലവായിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഇനങ്ങൾ സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കയ്യൊഴിച്ചതായി കാണുന്നില്ല.
ഓഡിറ്റ് അന്വേഷണം നം.10/15-12-22 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മര ഉരുപ്പടികൾ കയ്യൊഴിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-31 കരാറുകാർക്ക് ടെണ്ടർ എക്സസ് കുടിശ്ശിക നൽകുന്നതിനായി സ്വീകരിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ(സാധാ)നം.1778/21/LSGD തീയതി 16-9-2021 പ്രകാരം DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാനും 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുവാനും അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് 2021-22 വർഷത്തിൽ 42 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ കരാറുകാർ 10 ശതമാനത്തിൽ കൂടാതെ അധിക നിരക്ക് ക്വോട്ട് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക അനുവദിച്ചപ്പോൾ ഓരോ പ്രവൃത്തിക്കും ലഭ്യമായ തുകയിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബില്ലുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. അധിക നിരക്ക് അനുവദിക്കുന്നതിനായി ടെണ്ടർ കമ്മിറ്റി 18-1-22 ലെ തീരുമാനം നം. DB3/1778/2021/DP പ്രകാരം അംഗീകാരം നൽകിയെങ്കിലും അധിക തുക തദ്ദേശ സ്ഥാപനം തന്നെ കണ്ടെത്തണം എന്ന വ്യവസ്ഥയിലാണ് അംഗീകാരം നൽകിയത്.

നാളിതുവരെ അധിക നിരക്ക് അനുവദിച്ചിട്ടില്ല. കരാറുകാർക്ക് കുടിശ്ശികയായി നിൽക്കുന്ന 13 ലക്ഷം തുക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 4/15-12-22 നുള്ള മറുപടിയിൽ വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തി കുടിശ്ശിക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-32 ടാറിംഗ് പ്രവൃത്തികളുടെ ബാരലുകളുടെ വിലയിൽ ഈടാക്കിയ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയില്ല

തൻവർഷം പൂർത്തീകരിച്ച 21 ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 281 രൂപ വീതം കണക്കാക്കി തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്. ഓരോ ബില്ലിലും ഉൾപ്പെട്ട ജി.എസ്.ടി പിൻവലിച്ച് കേന്ദ്ര-സർക്കാരുകളിലേക്ക് ഒടുക്കിയിട്ടില്ലെന്ന് ബില്ലുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.
കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 4/15-12-22 ന് വ്യക്തമായ മറുപടി ലഭ്യമായില്ല.

അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-33 MGNREGS - സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2021-22 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പുതിയ മെറ്റീരിയൽ പ്രവൃത്തികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. 2020-21 ൽ ആരംഭിച്ചതും തൻവർഷം പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി നമ്പർ 6/MGNREGS /20-21 തി. 03-08-21 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 2 കരാറുകാർ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ. ആർ.ഉണ്ണികൃഷ്ണൻ, വാരുകുന്ന്, മഞ്ഞപ്ര എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 46 മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ വിതരണം ചെയ്ത വകയിൽ തൻവർഷം കരാറുകാരന് 16418184 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാർ തുകയുടെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി ( 1% SGST + 1% CGST) കുറവ് ചെയ്യുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. ഫയലുകൾ പരിശോധിച്ചതിൽ സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ തുക അനുവദിച്ച നൽകിയപ്പോൾ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്തിട്ടില്ലെന്ന് ഫയലുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ 14/16-02-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് അനുവദിച്ച തുകയുടെ ജി.എസ്.ടി വിതരണക്കാരൻ ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പുവരുത്തേണ്ടതാണ്. കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ ബില്ലിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി ഈടാക്കിയതിൽ കുറവ്

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകുകയും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കോവിഡിന്റെ പശ്ചാത്തലത്തിൽ 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലെ വിനോദ നികുതിയിൽ സർക്കാർ ഇളവ് നൽകിയതിനു ശേഷം 1-1-2022 മുതൽക്കാണ് വിനോദ നികുതി ഈടാക്കിയിട്ടുണ്ട്. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ മൂന്ന് തീയേറ്ററുകളിൽ നിന്നും ജി എസ് ടി ഒടുക്കുന്ന ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നതിന് പകരം തീയേറ്ററുകൾ ലഭ്യമാക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.

1-1-2022 മുതൽക്കുള്ള വിനോദ നികുതി ഈടാക്കി വരുന്നതും തീയേറ്റർ ഉടമകൾ സമർപ്പിക്കുന്ന

ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണെന്ന് ബോധ്യപ്പെട്ടു. ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കാത്തതിനാൽ താഴെ പറയും പ്രകാരം നഷ്ടം സംഭവിച്ചിരിക്കുന്നു.

| മാസം/ വർഷം | GSTR 3-B പ്രകാരം നികുതി ഈടാക്കേണ്ട വരുമാനം | ലഭ്യമാക്കിയ കണക്ക് പ്രകാരം ആകെ ടിക്കറ്റുകളുടെ എണ്ണം | തീയേറ്ററുകൾ ലഭ്യമാക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വരുമാനം (ആകെ ടിക്കറ്റുകളുടെ എണ്ണം X 83.5 (ബേസ് റേറ്റ്)) | ഈടാക്കേണ്ട നികുതി (GST റിട്ടേൺ പ്രകാരം) (5%) | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 01/ 2022 | 20,44,178 | 23973 | 20,01,745 | 1,02,209 | 96,131 | 6078 |
| 02/2022 | 14,46,350 | 16962 | 14,16,327 | 72,318 | 68,018 | 4300 |
| 03/2022 | 25,59,464 | 30016 | 25,06,336 | 1,27,973 | 1,20,364 | 7609 |
| ആകെ | | | | | | 17,987 |

തിയേറ്റർ കോംപ്ലക്സിലെ മൂന്ന് സ്ക്രീനുകളിൽ നിന്നുള്ള വിനോദ നികുതി ഇനത്തിൽ മേൽ പറഞ്ഞ പ്രകാരം കുറവ് വന്ന തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 12/16-12-22 ന് മറുപടി ലഭ്യമായില്ല. ഈ വിഷയം 17-12-22 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ട്. തുടർമാസങ്ങളിൽ ഇത്തരത്തിൽ കുറവുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതാണ്. കുറവു വന്ന തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 12-12-2022 മുതൽ 17-12-2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് | 2020-21 | 200000 | കറവയന്ത്രം | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2020-21 | 350000 | പകൽ വീടിലൂടെ വൃദ്ധർക്ക് ആഹാരം നൽകൽ | 0 | 350000 |
| | 2020-21 | 5000 | വിശപ്പുരഹിത കേരളം | 0 | 5000 |
| | 2020-21 | 1000000 | വഴിയോര വൃശ്രമകേന്ദ്രം | 0 | 1000000 |
| | 2020-21 | 51377 | പകൽവീട് വൈദ്യുതീകരണം | 0 | 51377 |
| | 2020-21 | 6693 | പകൽവീട് ഫർണീച്ചർ | 0 | 6693 |
| | 2020-21 | 211399 | ഖാദി യൂണിറ്റ് അടിസ്ഥാന സൗകര്യം | 0 | 211399 |
| | 2021-22 | 1400000 | ഉഴവുകൂലി | 1400000 | 0 |
| | | 125000 | സ്കോളർഷിപ്പ് | 125000 | 0 |
| | | 1045000 | ലൈഫ് എസ്.സി | 1045000 | 0 |
| | | 527000 | ലൈഫ് എസ്.സി | 527000 | 0 |
| | | 1258940 | ഖാദി വ്യവസായ യൂണിറ്റ് കെട്ടിടം | 1258940 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2013-14 | 13939 | ഗായത്രീ നദീതട പദ്ധതി | 0 | 13939 |
| | 2013-14 | 3 | ഉഴവുകൂലി | 0 | 3 |
| | 2021-22 | 1240000 | ഉഴവുകൂലി | 1240000 | 0 |
| | 2021-22 | 110000 | പാലിന് സബ്സിഡി | 110000 | 0 |
| | ആകെ | 7544351 | | 5705940 | 1838411 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 133/22-ആറിങ്കൽ പാടം കുടിവെള്ള പദ്ധതി-ത്രീഫേസ് ലൈൻ വലിക്കൽ | 48/10-3-22 | 150000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | | 26450745 | 0 | 26450745 | 2361333 | 0 | 24089412 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 9542 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2016-17 | 2-3(C) | 3360 | 121120100236/ 26-4-21 | ശ്രീ.മുരളീധരൻ.എ, സെക്രട്ടറി |
| 2018-19 | 1-29(1) | 3372 | 121120100282/ 28-4-21 | ശ്രീമതി.സുരഭി.സി.എസ്, അസി,എഞ്ചിനിയർ |
| 2018-19 | 1-29(3) | 2810 | 121120100315/ 3-4-21 | ശ്രീമതി.സുരഭി.സി.എസ്, അസി,എഞ്ചിനിയർ |
| ആകെ | | 9542 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 14-15 | | 2016-17 | 9.3.2- പൊതുവായ പരാമർശം | പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | സമിതി പരിഗണിച്ചിട്ടില്ല. |
| | | 2016-17 | 2.4, 2.6- പൊതുവായ പരാമർശം | തൊഴിൽ നികുതി | സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 17380616 |
| ഓഡിറ്റ് വർഷത്തെ വരവ് | 84512354 |
| ആകെ | 101892970 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 82734370 |
| നീക്കിയിരിപ്പ് | 19158600 |
| വരവിനങ്ങളിലുള്ള നഷ്ടം | 17,987 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 17,987 | - | ശ്രീ.പി.എം.സക്കീർ ഹുസൈൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ.1-33 (കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ജി.എസ്.ടി)

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.സക്കീർ ഹുസൈൻ, സെക്രട്ടറി | സെക്രട്ടറി, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | പുതുപ്പറമ്പിൽ ഹൌസ്, ഒലിങ്കടവ് പോസ്റ്റ്, മംഗലം ഡാം, പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 3 |
| 1997-98 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 3 |
| 1998-99 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 1 |
| 1999-00, 2000-21, 2001-2 (Plan) | LF.P12/462/09/12.06.09 | 4 |
| 1999-00 (NP) | LF.P12/462/09/12.06.09 | 3 |
| 2002-03 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 1 |
| 2003-04 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 3 |
| 2005-06 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 2 |
| 2009-10, 2010-11 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 7 |
| 2011-12 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 6-9-22 | 8 |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | 6 |
| 2013-14 & 2014-15 | കെ.എസ്.എ-പികെഡി-17/1427/16 തിയ്യതി:8.8.2016 | 23 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/ 08.02.17 | 22 |
| 2016-17 | കെ.എസ്.എ-പികെഡി 17-1174/2017 /26.07.2017 | 16 |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019 /20.07.2019 | 8 |
| 2018-19 | നം.കെ.എസ്.എ-പികെഡി.17/ 549/2020 /19.05.2020 | 21 |
| 2019-20 | നം.കെ.എസ്.എ-പികെഡി.17/253/22 | 25 |
| 2020-21 | കെ.എസ്.എ-പികെഡി-പി-25/294/22 തിയതി 19-2-22 | 43 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്ക് സംക്ഷിപ്ത പത്രികകൾ

1.

| | | | |
|---|---|---|---|
| Kannambra Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17266700.00 |
| Cash | Cash | RP-40(a) | 113916.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1245340.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 208.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3300.00 |
| 140000000 | Fees & User Charges | RP-4 | 320642.00 |
| 150000000 | Sale & Hire Charges | RP-5 | 272250.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61661839.00 |
| 171000000 | Interest Earned | RP-9 | 497639.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11354364.00 |
| 350000000 | Other Liabilities | RP-36 | 224805.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 41748.00 |
| 340000000 | Deposits Received | RP-34 | 237703.00 |
| 341000000 | Deposit Works | RP-35 | 51837.00 |
| 350000000 | Other Liabilities | RP-36 | 344514.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7648480.00 |
| 460000000 | Loans, Advances and Deposits | RP-47 | 607685.00 |
| | Grand total | | 101892970.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5436427.00 |
| 220000000 | Administrative Expenses | RP-12 | 1080078.00 |
| 230000000 | Operations & Maintenance | RP-13 | 3227212.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9284512.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21495103.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4020737.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 94999.00 |

2.

| Kannambra Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4763759.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 208.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 65480.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 583032.00 |
| 150000000 | Sale & Hire Charges | I-5(b) | 272250.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 167060981.00 |
| 171000000 | Interest Earned | I-8 | 497639.00 |
| 180000000 | Other Income | I-9 | 180536.00 |
| | Total Income | | 173423885.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14573741.00 |
| 220000000 | Administrative Expenses | I-11(b) | 1080078.00 |
| 230000000 | Operations & Maintenance | I-12(b) | 3387212.00 |
| 240000000 | Interest & Finance Charges | I-13 | 4039.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9414512.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58928464.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4020737.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 94999.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66734200.00 |
| 255000000 | Maintenance Projects | I-14(e) | 9955175.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 200000.00 |
| 272000000 | Depreciation | I-17(a) | 6222700.00 |
| | Total Expenditure | | 174615857.00 |
| | Gross Surplus / Deficit of income over Expenditure | | -1191972.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 341423.00 |
| | Net difference (Prior period Income - Prior period Expenditure) | | -1533395.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3.

| | | | |
|---|---|---|---|
| Kannambra Grama Panchayat BALANCE SHEET | | | |
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20950614.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 87667060.00 |
| | Total Reserve & Surplus | | 108617674.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8080774.00 |
| | Total Grants, Contributions for Specific Purposes | | 8080774.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 24089412.00 |
| | Total Loans | | 24089412.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 405049.00 |
| 341000000 | Deposits Works | B-8 | 51837.00 |
| 350000000 | Other Liabilities | B-9 | 1511795.14 |
| | Total Current Liabilities and Provisions | | 1968681.14 |
| | TOTAL LIABILITIES | | 142756542.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 115223027.00 |
| 411000000 | Accumulated Depreciation | B-11 | -20974992.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |

| | | | |
|---|---|---|---|
| | Total Fixed Assets | | 94248035.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3260381.00 |
| 440000000 | Pre-paid Expenses | B-16 | 24089412.00 |
| 450000000 | Cash and Bank Balance | B-17 | 19158600.00 |
| 460000000 | Loans, Advances and Deposits | B-18 | 2000114.00 |
| | Total Current Assets, Loans and Advances | | 48508507.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 142756542.00 |

ഡെപ്യൂട്ടി ഡയറക്ടർ